| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| എട്ടാം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 287* | | 03.04.2013-ൽ മറുപടിക്ക് | |
| ചൈൽഡ് ലൈൻ പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ചൈൽഡ് ലൈൻ പദ്ധതി യുടെ പ്രവർത്തനരീതി സംബന്ധിച്ച വിശദ വിവരം നൽകുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ സ്ത്രീകളുടേയും കുട്ടികളുടേയും വികസന മന്ത്രാലയത്തിൻ കീഴിൽ ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷൻ വഴി നടപ്പിലാക്കി വരുന്ന, പ്രതികൂല സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികൾക്കു വേണ്ടിയുള്ള സേവന പദ്ധതിയാണ് ചൈൽഡ് ലൈൻ. കഷ്ടത അനുഭവിക്കുന്ന കുട്ടികൾക്ക് അടിയന്തിര സേവനം ചെയ്തു കൊടുക്കുന്ന 1098 എന്ന ബി.എസ്.എൻ.എൽ. ടോൾ ഫ്രീ നമ്പർ ചൈൽഡ് ലൈനിനു വേണ്ടി അനുവദിച്ചിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളിൽ അകപ്പെട്ടു പോകുന്ന കുട്ടികൾക്ക് ഈ നമ്പരിൽ ഏതു സമയത്തും ഫോൺ വഴി ബന്ധപ്പെടാവുന്നതും ചൈൽഡ് ലൈൻ പ്രവർത്തകർ (കൊളാബറേറ്റീവ് ഓർഗനൈസേഷൻ) വേണ്ട സഹായം നൽകുന്നതുമാണ്.<br><br>താഴെപ്പറയുന്ന സേവനങ്ങളാണ് ചൈൽഡ് ലൈൻ സർവ്വീസ് മുഖാന്തിരം നൽകി വരുന്നത്.<br>1. വൈദ്യ സഹായം<br>2. ഷെൽട്ടർ<br>3. വഴിതെറ്റി വരുന്ന കുട്ടികളെ സ്വന്തം വീട്ടിൽ/നാട്ടിൽ എത്തിക്കുക.<br>4. അപകട സ്ഥിതിയിലുള്ള കുട്ടികളെ രക്ഷപ്പെടുത്തുക<br>5. സ്പോൺസർഷിപ്പ് |

| | | | |
|---|---|---|---|
| | | | 6. കൂട്ടം തെറ്റിയ കുട്ടിയെ മാതാപിതാക്കൾക്ക് കൈമാറുക.<br><br>7. ഗൈഡൻസ് ആന്റ് കൗൺസിലിംഗ്<br><br>കേരളത്തിൽ ആലപ്പുഴ ജില്ലയൊഴികെയുള്ള പതിമൂന്ന് ജില്ലകളിൽ ചൈൽഡ് ലൈൻ പ്രവർത്തനം നടക്കുന്നുണ്ട്. |
| (ബി) | ചൈൽഡ് ലൈൻ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും വേണ്ടി നടത്തുന്ന ബോധവത്കരണ നടപടികളുടെ വിശദ വിവരം നൽകുമോ; | (ബി) | ചൈൽഡ് ലൈൻ പ്രവർത്തകർ സ്കൂളുകളിൽ എത്തി ബാലവേല, ചൈൽഡ് അബ്യൂസ് എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്.<br><br>കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും/കടമകളെക്കുറിച്ചും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ കൂട്ടായ്മകൾ (Open House) സംഘടിപ്പിച്ച് അവരുടെ അഭിപ്രായങ്ങളും, പ്രശ്നങ്ങളും കണ്ടെത്തി പ്രശ്ന പരിഹാരത്തിനായി വിവിധ ഗവൺമെന്റ്/ഗവൺമെന്റേതര സഹായം ലഭ്യമാക്കിക്കൊടുക്കുന്നു.<br>അദ്ധ്യാപക-രക്ഷകർതൃ സംഘടനകളിലും, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ മീറ്റിംഗുകളിലും ചൈൽഡ് ലൈൻ പ്രവർത്തകർ ബോധവത്കരണം നടത്തുകയും ചെയ്യുന്നു. കുട്ടികൾക്കു വേണ്ട ബോധവത്കരണ പരിപാടികൾ സ്ക്കൂൾ തലത്തിൽ തുടങ്ങി അംഗൻവാടികൾ, ക്യാമ്പുകൾ, സ്റ്റുഡൻസ് പോലീസ് യൂണിറ്റ്, എൻ.സി.സി. ക്യാമ്പുകൾ, ബാലസഭകൾ, കംപാഷൻ സെന്ററുകൾ എന്നിവിടിങ്ങളിലും നൽകുന്നു. ഓരോ പ്രദേശത്തേയും കുട്ടികളെ പ്രത്യേകമായി വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും, അവ പരിഹരിക്കുന്നതി നുമായി കുട്ടികളുടെ പങ്കാളിത്തത്തോടെ ചൈൽഡ് ലൈൻ ഓപ്പൺ ഹൗസുകൾ സംഘടിപ്പിക്കുന്നു. ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു |

| | | | |
|---|---|---|---|
| | | | വരുന്നതിനായി പ്രത്യേക ബോധവത്കരണ പരിപാടികൾ, തെരുവു നാടകങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, ബോധവത്കരണ നോട്ടീസുകൾ, സ്റ്റിക്കറുകൾ എന്നിവ വിതരണം ചെയ്യുന്നു. |
| (സി) | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂൾ പരിസരങ്ങളുടെ നിരീക്ഷണം, ഗ്രാമീണ വീട്ടമ്മമാർക്കും, സാമൂഹ്യ പ്രവർത്തകർക്കുമുള്ള പരിശീലനം തുടങ്ങിയ പരിപാടികൾ കൂടി ഉൾപ്പെടുത്തി ചൈൽഡ് ലൈൻ പദ്ധതിയുടെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്ക്കൂൾ പരിസരങ്ങൾ ചൈൽഡ് ലൈൻ പ്രത്യേകം നിരീക്ഷിക്കാറുണ്ട്. ഗ്രാമീണ വീട്ടമ്മമാർക്കായി അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ, മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയിലൂടെ ആവശ്യമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ